# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമ്പ്രം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/PTA/P4/1144/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പ്രം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P4/1144/23 തീയ്യതി: 29/11/2023

## പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-11-2023 | 20-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-11-2023 | 20-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അരുൺകുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശാ എം. കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി റ്റി പ്രസന്നകുമാരി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ പി. മനോജ് കുമാർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. ജൂലി ജോർജ്ജ് | മെഡിക്കൽ ഓഫീസർ- ഇൻ ചാരജ്ജ് (പ്രാഥമിക ആരോഗ്യകേന്ദ്രം) | 01-04-2022 | 31-03-2023 |
| ഡോ. നിമില ജോസഫ് | മെഡിക്കൽ ഓഫീസർ(വെറ്റിനറി) | 01-04-2022 | 31-03-2023 |
| ശ്രീ. സുധീന്ദ്ര വൈ.എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ആതിര ആർ. എൽ. | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബിൻസി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2022 | 28-07-2022 |
| ശ്രീമതി ശ്രീലത എം.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 29-07-2022 | 31-03-2023 |
| ശ്രീമതി ജീന എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-11 | 01-04-2022 | 15-05-2022 |
| ശ്രീമതി ബിൻസി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-11 | 16-05-2022 | 08-06-2022 |
| ശ്രീമതി സിന്ധു സുകുമാരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-11 | 09-06-2022 | 28-07-2022 |
| ശ്രീമതി ശ്രീലത എം.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-11 | 29-07-2022 | 22-08-2022 |
| ശ്രീ. ബ്രൂണോ മാത്യൂ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-11 | 23-08-2022 | 18-11-2022 |
| ശ്രീമതി ശ്രീലത എം.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-11 | 19-11-2022 | 06-01-2023 |
| ശ്രീ. ബ്രൂണോ മാത്യൂ | വില്ലേജ് എക്സ്റ്റൻഷൻ | 07-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ-11 | | |
| ശ്രീമതി സിന്ദു ഐപോൾ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 29-08-2023 |
| ശ്രീമതി പുഷ്പകുമാരി എൽ.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 30-08-2022 | 11-01-2023 |
| ശ്രീമതി സിന്ധു ജിങ്ക ചാക്കോ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12-01-2023 | 31-03-2023 |
| ശ്രീ ശ്രീകുമാർ .റ്റി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 03-01-2023 |
| ശ്രീമതി ശില്പ പ്രദീപ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 04-01-2023 | 31-03-2023 |
| ഡോ ജൂലി ജോർജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ ജിഷ സുജാതൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ റാസിഫ് എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 11-09-2022 |
| ശ്രീമതി ലക്ഷ്മി ജി മോഹൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-09-2022 | 20-11-2022 |
| ശ്രീ ശ്രീജിത്ത് എ എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 21-11-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് സംബന്ധിച്ച് രേഖയില്ല | 1-1-2 |
| 4 | ക്യാഷ്ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല | 1-1-4 |
| 6 | വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയർ DCB വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ പോരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വിവിധ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾക്ക് ആധികാരികത ഇല്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക നില | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല | 1-11 |
| 19 | തനത് വിഭവസമാഹരണം-അവലോകനം | 1-12 |
| 20 | ലൈസൻസ് ഫീസ് പൊതുവായ അപാകതകൾ | 1-13 |
| 21 | ബാങ്ക് അക്കൗണ്ടിൽ തിരിച്ചറിയാനാവാത്ത ഗ്രാന്റ് തുക അവശേഷിക്കുന്നു | 1-14 |
| 22 | ഭരണസമിതിയോഗം- മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 1-15 |
| 23 | വെള്ളക്കരം കുടിശ്ശിക ഒടുക്കാൻ അവശേഷിക്കുന്നു | 1-16 |
| 24 | ജലജീവൻമിഷൻ - കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കിയില്ല | 1-17 |
| 25 | കരാർ ജീവനക്കാരുടെ നിയമന, സേവന വിവരങ്ങൾ സൂക്ഷിക്കുന്നില്ല | 1-18 |
| 26 | ആസ്തികൾ സംരക്ഷിയ്ക്കപ്പെടുന്നില്ല- ആസ്തിരജിസ്റ്റർ കൃത്യമാക്കിയില്ല | 1-19 |

| | | |
|---|---|---|
| 27 | ആശ്രയ പദ്ധതി ബാങ്ക് അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | 1-20 |
| 28 | മിനറൽ മിക്സ്ചർ വിതരണം- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 1-21 |
| 29 | മുറ്റത്തൊരു മീൻതോട്ടം-ഗുണഭോക്താക്കളെ കണ്ടെത്താതെ പദ്ധതി ആവിഷ്കരിച്ചു | 1-22 |
| 30 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പാക്കിയിട്ടില്ല | 1-23 |
| 31 | ഹരിതകർമ്മസേന പ്രവർത്തനം - യൂസർ ഫീ പൂർണ്ണമായും ഈടാക്കുന്നില്ല | 1-24 |
| 32 | പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങളിന്മേൽ തുടർനടപടി പൂർണ്ണമായില്ല | 1-25 |
| 33 | ലൈഫ് പദ്ധതി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-26 |
| 34 | തുക ഒടുക്കി - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-27 |
| 35 | തെരുവ് വിളക്ക് ലൈൻ നീട്ടൽ-പൂർത്തീകരിച്ചില്ല | 1-28 |
| 36 | ആശുപത്രി മാനേജിംഗ് കമ്മറ്റി വാർഷിക കണക്കുകൾ യഥാസമയം സമർപ്പിക്കുന്നില്ല | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കലും നിർദ്ദേശങ്ങളും അനുസരിച്ച് 19.07.2023 തീയതിയിലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെടുമ്പ്രംഗ്രാമപ്പഞ്ചായത്തിന്റെ മാർച്ച് 2023-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൽഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട | ഡെപ്യൂട്ടി ഡയറക്ടർ
29/11/2023 | ജില്ലാ ഓഡിറ്റ് കാര്യാലയം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62(2)F നിർദ്ദേശിക്കപ്പെട്ട പ്രകാരം സെക്രട്ടറിയുടെ കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ (Ratios) എന്നിവ സംബന്ധിച്ച പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് സംബന്ധിച്ച് രേഖയില്ല

ഗ്രാമപഞ്ചായത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 67250201341-ാം നമ്പർ അക്കൌണ്ടിൽ 1317086 രൂപ 31.03.2023

ൽ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഈ തുക ഏത് ഇനത്തിൽ അവശേഷിക്കുന്ന തുകയാണ് എന്നത് സംബന്ധിച്ച് വ്യക്തമായ രേഖകൾ ഇല്ല.

### 1-1-3 ക്യാഷ്ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ്ഫ്ലോ പത്രികയിലെ ആകെ ക്യാഷ്ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-4 ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

### 1-1-5 വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയർ DCB വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-6 ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ പോരുത്തപ്പെടുന്നില്ല

ലൈസൻസ് ഫീസ്, വാടക എന്നീയിനങ്ങളിൽ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷികധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-7 വിവിധ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾക്ക് ആധികാരികത ഇല്ല

കേരള വാട്ടർ അതോറിറ്റി, കേരള ഇലക്ട്രിസിറ്റി ബോർഡ്, പൊതുമരാമത്ത് വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന മുൻകൂർ തുകയുടെ നീക്കിരിപ്പിന്റെ കൃത്യത ഉറപ്പാക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂടാതെ ഈ ഷെഡ്യൂളിലുള്ള മറ്റ് മുൻകൂറുകളുടെ നീക്കിയിരിപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.03.2022ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 07.03.2023-ലെ 3-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും, റസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റസീറ്റ് & പേയ്മെന്റ് പത്രിക | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക |
|---|---|---|---|
| മുന്നിരിപ്പ് | 1183112 | 5938803 | |
| വരവ് | 116659500 | 21471170 | 78265936 |
| ആകെ | 177842612 | 27409973 | |
| ചെലവ് | 116746500 | 22623534 | 80889623 |
| നീക്കിയിരിപ്പ് | 1096112 | 4786439 | |

ബജറ്റ് പ്രകാരം 11.66കോടി രൂപയുടെ പ്രതീക്ഷിത വരവും 11.67 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 7.82 കോടി രൂപയും ചെലവ് 8.08 കോടി രൂപയുമാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി കഴിയുന്നത്ര വാസ്തവികമായ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-215 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. കാര്യക്ഷമമായ വിഭവ സമാഹരണത്തിനും വാർഷിക പദ്ധതിയുമായി ബന്ധപ്പെടുത്തിയ അനിവാര്യവും പൊതുവുമായ ചുമതലാ നിർവ്വഹണത്തിനും ഇതിലുൾപ്പെട്ട പ്രോജക്റ്റുകളുടെ സമയബന്ധിതവും ഗുണകരവുമായ നിർവ്വഹണം

ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധി എന്ന നിലയിൽ ബജറ്റിനെ പ്രയോജനപ്പെടുത്തുവാൻ സാധിക്കേണ്ടതുണ്ട്.

## 1-3 സാമ്പത്തിക നില

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 59,38,803 | |
| ഓഡിറ്റ് വർഷത്തെ വരവ് | 21471170 | 7,82,65,936 |
| ആകെ വരവ് | 2,74,09,973 | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 22623534 | 8,08,89,623 |
| നീക്കിയിരിപ്പ് | 47,86,439 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായതുക/നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 8729000 | 8729000 | 8620657 | 108343 |
| വികസനഫണ്ട് (SCP) | 0 | 2672000 | 2672000 | 2442749 | 229251 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 97885 | 2225486 | 2323371 | 2073728 | Lapse-0<br>Bank-249643 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 344828 | Allotment-1487699<br>Interest-45191 | 1877718 | 1793104 | Lapse-0<br>Bank-84614 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 13346000 | 13346000 | 7733979 | 5612021 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4570000 | 4570000 | 3343652 | 1226348 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| സാക്ഷരത | 46030 | 1255 | 47285 | 0 | 47285 |
| ശുചിത്വ മിഷൻ | 91799 | 448000 | 539799 | 448000 | 91799 |
| ഹെൽത്ത് ഗ്രാന്റ് 1 | 0 | 55785 | 55785 | 50984 | 4801 |
| ഹെൽത്ത് ഗ്രാന്റ് 2 | 0 | 182238 | 182238 | 179817 | 2421 |
| പ്രൊഡക്ഷൻ ബോണസ് | 0 | 46000 | 46000 | 46000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| ഐ.സി.ഡി.എസ് | 49944 | 615649 | 665593 | 78865 | 586728 |
| MGNREGS | 0 | 15222614 | 15222457 | 15222457 | 157 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1.ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വികസനഫണ്ട് (ജനറൽ)- സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിലുള്ള 657000 രൂപ, ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് ഇനത്തിലുള്ള 814881 രൂപ എന്നിവ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വികസനഫണ്ട് (Scp)- ലൈഫ് മിഷൻ വായ്പാ തിരിച്ചടവിന് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 226780 രൂപ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 145 | 55612246 | 113 | 32168490 | 32 | 58% |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| ക്രമ. നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 5 | 2124000 | 1967073 | 100% |
| 2 | വെറ്ററിനറി സർജൻ | 8 | 8 | 1823260 | 1821808 | 100% |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 9 | 9 | 1951375 | 1911854 | 100% |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 150000 | 150000 | 100% |
| 5 | വി.ഇ.ഒ. | 8 | 6 | 9064474 | 3644000 | 75% |
| 6 | വി.ഇ.ഒ. | 13 | 11 | 4276470 | 3070448 | 85% |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 9 | 3680585 | 2789870 | 100% |
| 8 | സെക്രട്ടറി | 31 | 28 | 6850892 | 6049849 | 90% |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 57 | 32 | 24976190 | 10320803 | 56% |
| 10 | ഹെഡ് മാസ്റ്റർ | 2 | 2 | 225000 | 225000 | 100% |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 450000 | 201785 | 100% |
| 12 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 40000 | 16000 | 100% |
| | | 145 | 113 | 55612246 | 32168490 | 78% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 661731 | 661731 | 661574 | 157 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14560883 | 14560883 | 14560883 | 0 |
| ആകെ | 0 | 15222614 | 15222614 | 15222457 | 157 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1401 | 1,37,93,700 |
| വിധവാ പെൻഷൻ | 471 | 49,88,800 |
| കർഷക തൊഴിലാളി പെൻഷൻ | 282 | 31,10,700 |
| മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 178 | 19,01,600 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 22 | 2,51,200 |
| തൊഴിലില്ലാ വേതനം | 4 | 10,800 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2023 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,774 രൂപ (പതിനെണ്ണായിരത്തി എഴുന്നൂറ്റി എഴുപത്തി നാല് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നികുതി, നികുതിയേതര വരുമാനങ്ങൾ പരമാവധി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും യഥാസമയം നോട്ടീസ് നൽകി പണം പിരിച്ചെടുക്കുന്നതിന് തൃപ്തികരമായ നിലയിൽ മോണിട്ടറിംഗ് നടത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ബന്ധപ്പെട്ട ചട്ടങ്ങൾക്കനുസൃതമായാണ് എന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിയ്ക്കുന്നുണ്ട്.

ഓഫീസ് ഉത്തരവുകൾ മുഖേന വിവിധ ഉദ്യോഗസ്ഥർക്ക് ജോലി വിഭജനം നടത്തുകയും നിശ്ചിത സമയങ്ങളിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി ആയത് വിശകലനം ചെയ്യുകയും ഉണ്ടായിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് മുഖേന വളരെ കാര്യക്ഷമമായ നിലയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്.

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തിക്കാത്ത പൊതുകുടിവെള്ളടാപ്പുകൾ കണ്ടെത്തി അവ ഒഴിവാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ പൂർണ്ണമായില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നതിന് ഒരു സ്ഥിരം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. വിവിധ സേവനങ്ങളും സാധനങ്ങളും സമാഹരിയ്ക്കുന്നതിന് പ്രൊക്യൂയർമെന്റിനായുള്ള മാർഗ്ഗരേഖ പാലിയ്ക്കുന്നുണ്ട്.

പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ്, തനതുഫണ്ട്/ ബി-ഫണ്ട് വൗച്ചറുകൾ, രസീത് തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഐ.എൽ.ജി.എം.എസ് മുഖേന പണം പിരിവ്, വിവിധ സേവനങ്ങൾ പ്രദാനം ചെയ്യൽ, തനത് ഫണ്ട് ചെലവുകൾ എന്നിവയിലെ സുതാര്യത ഉറപ്പ് വരുത്തുന്നുണ്ട്. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും യോജിച്ച പ്രവർത്തനത്താൽ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമായ നിലയിലാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.

- ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
- തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- മുൻ വർഷം ലൈസൻസ് നൽകിയതും തുടർന്ന് പ്രവർത്തിക്കുന്നതുമായ എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2017 മുതൽ 07.09.2017 വരെ | 2012-13 മുതൽ 2016-17വരെ | 02.11.2017 |
| പെർഫോമൻസ് ഓഡിറ്റ് | 18.04.2022 മുതൽ 20.04.2022 വരെ | 04/2021 മുതൽ 12/2021 വരെ | ലഭിച്ചിട്ടില്ല |

## 1-11 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല

2022-23 സാമ്പത്തിക വർഷത്തെ തനത് വരവ് - ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല എന്ന് കാണുന്നു . നികുതി/നികുതിയേതര വരവുകൾ, ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് /അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 63 ലക്ഷം രൂപയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു . (Income & Expenditure Statement പ്രകാരമുള്ളത് ).

| ഷെഡ്യൂൾ | തനത് വരുമാനം | തുക | ഷെഡ്യൂൾ | ചെലവ് | തുക |
|---|---|---|---|---|---|
| I-1 | Tax Revenue | 46,13,219 | I-10 | Establishment Expenses | *99,73,158* |
| I-3 | Rental Income | 5,90,709 | | | |
| | Fees User Charges | 4,77,369 | I-11 | Administrative Expenses | 11,10,523 |
| I-4 | Sale Hire Charges | 1,25,135 | I-12 | Operations Maintenance | 11,39,423 |
| I-8 | Interest Earned | 61,198 | I-13 | Interest Finance Charges | 3,404 |
| I-7 | Income From | 39,697 | | | |

| | | | | | |
|---|---|---|---|---|---|
| | Investments | | | | |
| I-9 | Other Income | 15,900 | | | |
| | ആകെ | 59,23,227 | | | 1,22,26,508 |

മിച്ച ഫണ്ട് ( 59,23,227 - 1,22,26,508 ) : (-) 63,03,281

സാമ്പത്തിക വർഷം പൊതുആവശ്യ ഗ്രാന്റായി 64,03,000 രൂപയാണ് ലഭിച്ചിട്ടുള്ളത്. പൊതുആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈദ്യുതചാർജ്, വെള്ളക്കരം എന്നിവ മുടക്കം കൂടാതെ നല്കുവാൻ കഴിയുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, അതുപോലെതന്നെ സ്ട്രീറ്റ് ലൈറ്റ്, പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെടുത്തി പരമാവധി വിഭവം സാധ്യമായ മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-12 തനത് വിഭവസമാഹരണം-അവലോകനം

പത്തനംതിട്ട ജില്ലയിലെ തനത് വരുമാനം കുറവുള്ള പഞ്ചായത്തുകളിലൊന്നാണ് നെടുമ്പ്രം ഗ്രാമപഞ്ചായത്ത്. ടൗൺ ഏരിയ വളരെ കുറവാണ്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്കു പുറമെയുള്ള പ്രധാന വരുമാന മാർഗങ്ങൾ. 5923227 രൂപയാണ് (78265936-72342709) പൊതുആവശ്യഗ്രാന്റ്, സർക്കാർ ഗ്രാന്റ് എന്നിവയ്ക്കു പുറമേയുള്ള തൻവർഷത്തെ ആകെ തനതു വരുമാനം.

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ DKSA 3683/853/2019 നമ്പർ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ടും നെടുമ്പ്രം ഗ്രാമപ്പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സർക്കാർ ഉത്തരവ് (കൈ) നമ്പർ 117/2022/LSGD/01-06-2022 ലെ നമ്പർ ഉത്തരവിലെ ക്രമ നമ്പർ 2-ൽ എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റേയും ഡി. സി. ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ സമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തനതു വരുമാന മേഖലകൾ സംബന്ധിച്ചും, നിശ്ചിത സമയ പരിധിക്കുള്ളിൽ ആയത് സമാഹരിക്കുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 18.03.2022-ലെ യോഗത്തിൽ അവതരിപ്പിക്കുകയും, പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ബഡ്ജറ്റ് തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ നികുതി പരിവ് ഊർജ്ജിതമാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ പൂർണ്ണമായും സമാഹരിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വസ്തു നികുതി വരുമാനത്തിന്റെ അവലോകനം ഓരോ മാസവും നടത്തുന്നുണ്ടെങ്കിലും ഓരോ മാസത്തിന്റെയും അവസാനം ശേഷിക്കുന്ന വസ്തു നികുതിക്ക് ഡിമാന്റ് എൻട്രി വരുത്തുന്നില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും തന്നെ ചർച്ച ചെയ്തിട്ടില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമായി.

നികുതി പിരിവിന്റേയും നികുതിയേതര വരുമാനത്തിന്റേയും അവലോകനം മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭകൾക്കും വാർഡ് സഭകൾക്കും നൽകേണ്ടതാണെന്ന നിർദ്ദേശവും പ്രാവർത്തികമാക്കിയില്ല.

ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ മൊത്തം വരവു ചെലവു കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. കൂടാതെ ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം. തനത് വരവുകളുടെ ബജറ്റ് പ്രകാരമുള്ള തുകയും യഥാർത്ഥ വരവുകളും തമ്മിൽ അന്തരമുണ്ട്. പ്രധാനപ്പെട്ട തനത് വരവുകളുടെ ബജറ്റ്

പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ തുകകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | യഥാർത്ഥ കളക്ഷൻ |
|---|---|---|---|
| 1 | വസ്തുനികുതി | 3600000 | 3187002 |
| 2 | തൊഴിൽ നികുതി | 850000 | 602010 |
| 3 | ലൈസൻസ് ഫീസ് | 200000 | 165000 |
| 4 | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് | 300000 | 71316 |
| 5 | ആഡിറ്റോറിയം/ ഹാൾ വാടക | 7500 | 589326 |

ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ചതായി കണ്ടില്ല.

വസ്തു നികുതി

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമാണ് വസ്തു നികുതി. ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളുണ്ട്. വസ്തുനികുതി ഇനത്തിൽ തൻവർഷത്തെ കളക്ഷൻ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വരവിനം | | ഡിമാന്റ് | കളക്ഷൻ |
|---|---|---|---|
| വസ്തു നികുതി | AFS | 32,18,642 | 32,05,617 |
| (തൻവർഷം) | സഞ്ചയ | 32,03,192 | 31,80,999 |
| വസ്തു നികുതി | AFS | 21,339* | 4,630 |
| (അരിയർ) | സഞ്ചയ | 20,446 | 4,613 |

(* 2021-22 വാർഷിക ധനകാര്യ പത്രിക B-15 പ്രകാരമുള്ളത്)

വസ്തു നികുതി വരവിന്റെ കൃത്യത

ILGMS സംവിധാനത്തിൽ രേഖപ്പെടുത്തുന്ന വസ്തു നികുതി വരവ്, ഓൺലൈൻ ആയി സഞ്ചയ ഡാറ്റാബേസിൽ അതേ സമയം തന്നെ രേഖപ്പെടുത്തുന്നതാണ്. എന്നാൽ സങ്കേതിക കാരണങ്ങളാൽ ഇന്ററപ്റ്റഡ് രസീതി മുഖേനയും ഔട്ട്ഡോർ കളക്ഷനിലൂടെയും വസ്തു നികുതി പിരിക്കുമ്പോൾ ILGMS ൽ വരവ് വെക്കുന്ന തുക പിന്നീട് സഞ്ചയയിൽ ഓരോ കെട്ടിടത്തിനുനേർക്കും വരവ് രേഖപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ സഞ്ചയയിൽ വരവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയാൽ സഞ്ചയയിലേയും ILGMS ലേയും വരവ് വ്യത്യാസപ്പെടുന്നതാണ്. ഓൺലൈൻ ആയി ഒടുക്കുന്ന നികുതി സഞ്ചയയിലും ILGMS ലും വരവു വെക്കപ്പെടുമെങ്കിലും ബാങ്കിൽ തുക ക്രെഡിറ്റ് ആകുന്നതിൽ 6-8 ദിവസത്തെ കാലതാമസം ഉണ്ടാകുന്നുണ്ട്. ഓൺലൈൻ ആയി ഒടുക്കിയ തുക ബാങ്കിൽ വരവു വയ്ക്കപ്പെടുന്നുണ്ടെന്ന് നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കാതിരുന്നാൽ നഷ്ട സാധ്യത ഉണ്ടാകുന്നതാണ്.

2022-23 വർഷത്തെ വാർഷിക കണക്ക്, സഞ്ചയ എന്നിവ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്-വളക്ഷൻ-ബാലൻസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 32,18,642 | 31,87,002 | 31640 |
| സഞ്ചയ പ്രകാരം | 32,23,638 | 31,85,612 | 38026 |

2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

സ.ഉ (കൈ) നം. 77/2023/എൽ.എസ്.ജി.ഡി., തീയതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ(അച്ചടി) നം. 25/2023 /എൽ.എസ്.ജി.ഡി., തീയതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നെടുമ്പ്രം ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ച് വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 19.05.2023-ലെ 8(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും 17.06.2023-ൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ വിജ്ഞാപനം 10.08.2023 തിയതിയിലെ 2(1)-ാം തീരുമാന പ്രകാരം അംഗീകരിക്കുകയും 12.08.2023-ലെ മലയാള മനോരമ, ദേശാഭിമാനി എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സെപ്റ്റംബർ മാസം മുതൽ പുതുക്കിയ നിരക്ക് സോഫ്റ്റ് വെയറിൽ ചേർത്ത് ആയതു പ്രകാരമുള്ള നികുതിയാണ് ഈടാക്കുന്നത്.

3. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. ഇതിനായി പത്രവാർത്ത നൽകിയെങ്കിലും സന്നദ്ധരായി നാലുപേർ മാത്രമാണ് വന്നത്. ഇത് 13 വാർഡുകളിലെ കെട്ടിടങ്ങൾ പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തുക സാദ്ധ്യമല്ല. മാത്രമല്ല ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള ട്രെയിനിംഗ്, ജിയോടാഗിംഗ് ഉൾപ്പെടെയുള്ളവ രേഖപ്പെടുത്തുന്നതിന് മൊബൈൽ ആപ്പ്, സഞ്ചയയിൽ യൂസർ ഐഡി എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങളും സജ്ജീകരിച്ചിട്ടില്ല.

4. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമാണോ മേഖലകൾ തിരിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ / ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ , നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 114 ഓളം ഫോം 9B അപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ, ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26,27 എന്നിയും, ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈയിനേജ് തുടങ്ങിയ സേവനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സേവനങ്ങൾക്ക് ചുമത്താവുന്ന ഏറ്റവും കുറഞ്ഞ നിരക്കായ 10% സേവന ഉപനികുതി ഈടാക്കുന്നുണ്ട്.

നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോ ധന

അനധികൃത ഇളവുകൾ നൽകിയതായി കാണുന്നില്ല. വാർഡ് 8-ലെ 4-9 കെട്ടിടം അനധികൃത നിർമ്മാണമാണെന്ന് ഫീൽഡ് തല പരിശോധന നടത്തി കണ്ടെത്തിയതിനെ തുടർന്ന് അനധികൃതമായി നിർമ്മിച്ച ഭാഗം പൊളിച്ചു കളയുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ) നം.36/2015/തസ്വഭവ തിയതി 24-02-2015), സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8.9.2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2023 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 05.04.2023-ലെ സ.ഉ.(അച്ചടി)നം. 25/2023/LSGD പ്രകാരമുള്ള നിരക്കുകകൾ 01.10.2023-ൽ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 01.04.2023 പ്രാബല്യത്തിൽ ടി നിരക്കു പ്രകാരമുള്ള തുകയാണ് ഈടാക്കുന്നത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
2. ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി അക്കൗണ്ടിൽ കൃത്യമായി വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് .

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 1 തീയതി 13.11.2023 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്)

2. തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ - സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കോവിഡ്-19 മഹാമാരിക്ക് ശേഷം നിരവധി ആളുകൾ ഓൺലൈൻ സംവിധാനത്തിലൂടെ (Work From Home) ജോലി ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള എല്ലാ പ്രൊഫഷണലുകളേയും ഉൾപ്പെടുത്തി സമ്പൂർണ്ണ ഡാറ്റാബെയ്സ് തയ്യാറാക്കി നികുതിചോർച്ച ഒഴിവാക്കാവുന്നതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻ കടകളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

നികുതിയേതര വരുമാനം

എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് പൂർണ്ണമല്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ലൈസൻസിനുള്ള മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പിക്കുവാൻ സാധിക്കുന്നില്ല.

താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യം പരിശോധിക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

വാടക/ലേലം

ഗ്രാമപഞ്ചായത്ത് വക കടമുറികളുടെ വാടക ഡിമാന്റ് തുക ഈടാക്കിയിട്ടുണ്ട്. വാടകതുകയിൽ ഓരോ വർഷവും 10% വർദ്ധനവ് വരുത്തുന്നുണ്ട്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ (കൈ) നം. 84/22 തസ്വഭവ തീയതി 19/04/2022)ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതാണ്.

## 1-13 ലൈസൻസ് ഫീസ് പൊതുവായ അപാകതകൾ

കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ

നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ അനുസരിച്ച് 238 സ്ഥാപനങ്ങളാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്.

തൻവർഷം ലൈസൻസ് എടുത്ത 238 സ്ഥാപനങ്ങളിൽ 108 സ്ഥാപനങ്ങൾ മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് എടുത്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയർ അനുസരിച്ച് വാണിജ്യാവശ്യത്തിനുള്ളവ, ഓഫീസ് ആവശ്യത്തിനുള്ളവ എന്നീ ഉപയോഗക്രമങ്ങളിലായി 634 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. വ്യവസായ/വാണിജ്യ വിനിയോഗങ്ങൾക്ക് കെട്ടിടനമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈസൻസിനുള്ള മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പിക്കുവാൻ സാധിക്കുന്നില്ല. ഐ.എൽ.ജി.എം.എസ്. മുഖേനയുള്ള ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചിലതിൽ അപേക്ഷകൾ മാത്രം അപ്‌ലോഡ് ചെയ്തിരിക്കുന്നതായി കാണുന്നു. അനുബന്ധ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

നികുതി പിരിവിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ തങ്ങൾക്ക് ചുമതലയുള്ള വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. ട്രേഡ്സ് ലിസ്റ്റ് കാലികമാക്കുവാനും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ബാങ്ക് അക്കൗണ്ടിൽ തിരിച്ചറിയാനാവാത്ത ഗ്രാന്റ് തുക അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 67250201341-ാം അക്കൗണ്ടിൽ 31.03.23 1317086 രൂപ അവശേഷിക്കുന്നു. എന്നാൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/23 Dtd 17.11.23) മറുപടി ലഭ്യമാക്കിയില്ല. 01.04.22 ലെ മുന്നിരിപ്പ്-640788 ,23.08.22 ൽ ക്രഡിറ്റ് ചെയ്ത 706392/-രൂപ , നീക്കിയിരിപ്പ്-1317086 എന്നിവയുടെ കണക്കുകൾ വ്യക്തമാക്കുന്ന രേഖകളില്ലാത്തത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ അക്കൗണ്ടിലെ തുകകൾ തിരിച്ചറിയുന്ന പക്ഷം ബന്ധപ്പെട്ട പദ്ധതികൾക്ക് വിനിയോഗിക്കേണ്ടതും അല്ലാത്ത പക്ഷം അതത് ശീർഷകത്തിൽ സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-15 ഭരണസമിതിയോഗം- മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി യോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ 22.03.2023 മുതലുള്ള ചുവടെ ചേർക്കുന്ന തീയതികളിലെ മിനിട്ട്സ് ഓഡിറ്റ് തീയതിയിലും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | യോഗം നടന്ന തീയതി | യോഗം നമ്പർ |
|---|---|---|
| 1 | 22.03.2023 | 7 |
| 2 | 10.08.2023 | 18 |
| 3 | 25.08.2023 | 19 |
| 4 | 16.09.2023 | 20 |
| 5 | 16.10.2023 | 21 |
| 6 | 04.11.2023 | 22 |

നടപടിക്രമങ്ങളിൽ സുതാര്യതയും വേഗതയും ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിട്ട്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. 02 തീയതി 13.11.2023) നൽകിയതിനെ തുടർന്ന് ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള മിനിട്ട്സുകൾ സകർമ്മയിൽ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കി. 04.11.2023-ൽ കൂടിയ യോഗത്തിന്റെ തീരുമാന രജിസ്റ്റർ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഉടൻ തന്നെ ഈ മിനിറ്റ്സുകൾ സകർമ്മയിൽ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും മിനിറ്റ്സുകൾ യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ച് ഓൺലൈനിൽ പൊതുജനങ്ങൾക്ക് കാണുന്നതിനായി പബ്ലിഷ് ചെയ്യേണ്ടതാണ്. ഈ വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 വെള്ളക്കരം കുടിശ്ശിക ഒടുക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 98 പൊതുടാപ്പുകളുടെ വാട്ടർചാർജ് ഇനത്തിൽ 2022-23 വർഷം 47269 രൂപയാണ് പ്രതിമാസം വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തുന്നത്. എന്നാൽ മാർച്ച് 2023 മുതൽ തുക 118899/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വാർഷികധനകാര്യപത്രിക പ്രകാരം 831749 രൂപ മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിൽ ഒടുക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പലിശയിനത്തിലും ഫൈൻ ഇനത്തിലും വൻതുകയാണ് പ്രതിമാസം ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത്. തൻവർഷത്തെ വാട്ടർചാർജും മുൻവർഷത്തെ കുടിശ്ശികയും ഒടുക്കുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 580300രൂപയും റോഡിതര മെയിന്റനൻസ് ഗ്രാന്റ് 320000രൂപയും വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് 900300/-രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക കുടിശ്ശികയിനത്തിൽ ഡിമാന്റ്,പലിശ എന്നിവയിൽ കുറവ് ചെയ്തത് സംബന്ധിച്ച വിശദവിവരം ലഭിച്ചിട്ടില്ല. 2023 ജൂൺ വരെ വെള്ളക്കരം കുടിശ്ശിക 1346544 രൂപയാണെന്നും ഒറ്റത്തവണ ഒടുക്കുന്നതിലൂടെ പലിശയിനത്തിലുള്ള 786581 രൂപ ഒഴിവാക്കി ഡിമാന്റ് തുകയായ 559963 രൂപ മാത്രം അടച്ചാൽ മതിയെന്ന് 03.06.23 ൽ കേരളവാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഏത് കാലയളവിലേതാണെന്നുള്ള വിശദവിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.02.23 10(1) ാം നമ്പർ തീരുമാനപ്രകാരം ഉപയോഗരഹിതമായ 63 ടാപ്പുകൾ നീക്കം ചെയ്യുന്നതിന് തീരുമാനിക്കുകയും 07-06-2023 ലെ 5ാം നമ്പർ തീരുമാനപ്രകാരം 19.07.23 ൽ 94100രൂപ വാട്ടർ അതോറിറ്റിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്മേൽ സംയുക്തപരിശോധന നടത്തി ടാപ്പുകൾ നീക്കം ചെയ്യുന്ന പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. കേരളവാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ നീക്കം ചെയ്ത് വെള്ളക്കരം ഇനത്തിലുള്ള അധികം ചാർജ് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ കുടിശ്ശിക നിവാരണത്തിന് ഉചിതമായ നടപടികൾ കൈക്കൊണ്ട് പലിശയിനത്തിലും പിഴപ്പലിശയിനത്തിലുമുള്ള അധികച്ചെലവ് ഒഴിവാക്കേണ്ടതുമാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 ജലജീവൻമിഷൻ - കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കിയില്ല

1399 പുതിയ ഉണഭോക്താക്കൾക്ക് ഗാർഹിക പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിന് 1.83കോടി രൂപ അടങ്കൽ വകയിരുത്തി നിർവ്വഹണ ഏജൻസി ആയ വാട്ടർ അതോറിറ്റി തയ്യാറാക്കിയ Detailed Engineering Report ന് 26/7/2021 ൽ അംഗീകാരം ലഭ്യമാക്കിയിരുന്നു. ആകെ അടങ്കലിൽ 583750 രൂപ പൈപ്പ് ഇടുന്നതിന് കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള പ്രവൃത്തിയ്ക്ക് വകയിരുത്തിയ തുകയാണ്. തുടർന്ന് പഞ്ചായത്ത്, വാട്ടർ അതോറിറ്റി, പദ്ധതിയുടെ Implementing Support Agency (ISA) ആയ Kerala Voluntary Health Services എന്നിവ തമ്മിൽ 10/2021 ൽ ത്രികക്ഷി കരാറിൽ ഏർപ്പെട്ടു.

കരാർ പ്രകാരം ആകെ അടങ്കലിന്റെ 15 % ഒടുക്കേണ്ടതാണെങ്കിലും ഇതേവരെ ഗ്രാമപ്പഞ്ചായത്ത് വിഹിതം ഇനത്തിൽ 1 രൂപ പോലും വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടില്ല. പ്രവൃത്തികൾ നടന്ന് വരുന്നതായി ഈ വിഷയം സംബന്ധിച്ച് ഭരണസമിതി അംഗങ്ങളിൽ നിന്ന് എക്സിറ്റ് മീറ്റിംഗിൽ മറുപടി ലഭിച്ചു. എന്നാൽ റോഡുകൾ കുഴിച്ച് പൈപ്പിട്ടശേഷം മണ്ണിട്ട് മൂടുകമാത്രമാണ് ചെയ്തുവരുന്നതെന്നും റോഡ് പൂർവ്വസ്ഥിതിയിൽ ആക്കാത്തതിനാൽ വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നതായും വിശദീകരിയ്ക്കപ്പെട്ടു.

പദ്ധതിയുടെ മോണിട്ടറിംഗ് നടത്തുന്നതിനും ഗാർഹിക കണക്ഷനുകൾ നൽകിയശേഷം കുഴിച്ച റോഡുകൾ കരാറിലെ

വ്യവസ്ഥ അനുസരിച്ച് പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനും ഭരണതലനടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-18 കരാർ ജീവനക്കാരുടെ നിയമന, സേവന വിവരങ്ങൾ സൂക്ഷിക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ വിവിധ തസ്തികകളിൽ കരാർ ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്. എന്നാൽ ഇവരുടെ നിയമനം, സേവനം എന്നിവ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 2022-23വർഷം ചുവടെ പറയുന്ന തസ്തികകളിൽ കരാർ ജീവനക്കാർ ജോലി ചെയ്തിരുന്നതായി തനതുഫണ്ട് വൌച്ചറിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| കരാർ ജീവനക്കാർ | |
| ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| പ്രോജക്ട് അസിസ്റ്റന്റ് | 1 |
| അക്രഡിറ്റഡ് എഞ്ചിനീയർ (MGNREGS) | 1 |
| ഓവർസീയർ (MGNREGS) | 1 |
| അക്കൌണ്ടന്റ് കം ഐറ്റി അസിസ്റ്റന്റ് (MGNREGS) | 1 |
| ദിവസ വേതനക്കാർ | |
| ഡ്രൈവർ | 1 |
| ക്ലാർക്ക് | 1 |

പഞ്ചായത്തിൽ നിയമിതരായിട്ടുള്ള കരാർ ജീവനക്കാരുടെ നിയമനവും സേവനവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (6 തീയതി 16.11.2023) നൽകി. തുടർന്ന് എംജിഎൻആർഇജിഎസ് വിഭാഗം ജീവനക്കാരുടെയും, പ്രോജക്ട് അസിസ്റ്റന്റ്, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരുടെ നിയമനം ഈ സാമ്പത്തിക വർഷം പുതുക്കി നൽകിയിട്ടുണ്ടെന്ന് മറുടി ലഭ്യമാക്കി. എന്നാൽ ഇവരുടെ എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് അസിസ്റ്റന്റ്, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ സേവന പുസ്തകം ആരംഭിച്ചിട്ടുണ്ടെങ്കിലും എന്നാൽ നിയമനം സേവനം, ലീവ്, ലീവ് സറണ്ടർ അനുവദിച്ചത് എന്നിവ സംബന്ധിച്ച യാതൊരു വിവരവും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷം കരാർ ജീവനക്കാർ 5 പേർക്കും ലീവ് സറണ്ടർ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ സൂക്ഷിക്കുന്നില്ല. ഇതിൽനിന്നും കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ചുവടെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു എന്ന് വ്യക്തമാണ്.

1. മേൽപ്പറഞ്ഞ വിഭാഗം കരാർ ജീവനക്കാർ കെഎസ്ആർഭാഗം 1 അനുബന്ധം 8 പ്രകാരമാണോ നിയമിതരായിട്ടുള്ളത് എന്നത് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.
2. ഓരോ വർഷവും നിയമനം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. 2022-23 ലേക്ക് കരാർ നിയമനം നീട്ടി നൽകിയതായി മറുപടി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല.
3. ടി കരാർ ജീവനക്കാർക്ക് സേവനപുസ്തകത്തിൽ നാളിതുവരെയുള്ള സേവന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അതാനാൽ തന്നെ ആർജ്ജിതാവധി സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.
4. കരാർ ജീവനക്കാരുടെ നിയമാനുസൃത ലീവുകൾ രേഖപ്പെടുത്താൻ പ്രത്യക രജിസ്റ്റർ ഇല്ല.

അപാകതകൾ പരിഹരിക്കേണ്ടതും, സേവന വിവരങ്ങൾ കൃത്യമായി സേവനപുസ്തകത്തിൽ രേഖപ്പടുത്തി സൂക്ഷിക്കേണ്ടതുമാണ്. കൃത്യമായ ഹാജരിന്റെ അടിസ്ഥാനത്തിൽ മാത്രം വേതനം നൽകുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ആസ്തികൾ സംരക്ഷിയ്ക്കപ്പെടുന്നില്ല- ആസ്തിരജിസ്റ്റർ കൃത്യമാക്കിയില്ല

മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് 19.4.2022 ലെ സ.ഉ.(കൈ) നമ്പർ 84/2022/തസ്വഭവ നമ്പർ ആയി ഗ്രാമ, ബ്ലോക്ക്, ജില്ലാപ്പഞ്ചായത്തുകൾക്ക് പതിനാലാം പഞ്ചവത്സരപദ്ധതി പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി,ഐ.എസ് സങ്കേതങ്ങളെ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും

കാലികവും ആക്കേണ്ടതാണെന്നും, തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണെന്നും ടി ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതനുസരിച്ചുള്ള പ്രവർത്തനങ്ങളൊന്നുംതന്നെ ഗ്രാമപഞ്ചായത്തിൽ നടന്നിട്ടില്ല എന്ന് ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായി.

ആർ-ട്രാക്ക് സോഫ്റ്റ് വെയർ മുഖേന ആസ്തികളുടെ വിവരശേഖരണം ഡിജിറ്റലൈസ് ചെയ്യുന്ന നടപടികൾ ഇപ്പോഴും പ്രാരംഭഘട്ടതിൽത്തന്നെ തുടരുകയാണ്. റോഡുകളുടെ വിവരശേഖരണം മാത്രമാണ് നടന്നിട്ടുള്ളത് എന്നും ആയതിന്റെ പരിശോധന പൂർത്തിയായിട്ടില്ല എന്നും അസിസ്റ്റന്റ് എഞ്ചിനീയർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തിനെ സഹായിക്കുന്നതിന് ചുമതലപ്പെട്ട സംവിധാനങ്ങൾ നിഷ്ക്രിയമാണ് എന്ന് വിലയിരുത്തുന്നു.

ഈ വിഷയത്തിൽ തുടരുന്ന അനാസ്ഥ സംബന്ധിച്ച് പരിഹാരനടപടികൾക്കായി സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-20 ആശ്രയ പദ്ധതി ബാങ്ക് അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

തൻ വർഷം ആശ്രയ പദ്ധതിയ്ക്കുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും 20.04.2022-ൽ 501051952 നമ്പർ ചെക്ക് മുഖേന 13000 രൂപ പിൻവലിച്ചിട്ടുണ്ട്. ടി തുകയുടെ ചെലവിന് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/20.11.2023) വി.ഇ.ഒ. സമർപ്പിച്ച മറുപടിയിൽ ടി തുക അപർണ്ണ ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിന് കൊടുത്തിട്ടുണ്ടെന്നും എന്നാൽ ഇതിന്റെ വൗച്ചർ, രേഖകൾ എന്നിവ സി.ഡി.എസ്.ഓഫീസിൽ നിന്നും നിലവിൽ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത് എന്നും അറിയിച്ചിട്ടുണ്ട്.

നെടുമ്പ്രം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ്സ്.-ൽ സാമ്പത്തിക ക്രമക്കേട് നടന്നിട്ടുള്ളതിനാല് വിജിലൻസ് വിഭാഗം കേസ് എടുത്തിട്ടുള്ളതാണെന്നും ബന്ധപ്പെട്ട രേഖകൾ വിജിലൻസ് വിഭാഗം പരിശോധിക്കുന്നതിനാൽ രേഖകളും രജിസ്റ്ററുകളും തിരികെ ലഭ്യമാകുന്ന മുറയ്ക്ക്ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ സഹചര്യത്തിൽ ബാങ്കിൽ നിന്നും പിൻവലിച്ച 13000 രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 മിനറൽ മിക്സ്ചർ വിതരണം- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

ഗ്രാമപഞ്ചായത്തിൽ വെറ്റിനറി സർജൻ മുഖേന കറവപ്പശുക്കൾക്ക് ധാതുലവണമിശ്രിതം വിതരണം ചെയ്യുന്നതിന് പദ്ധതി ( 79/23)ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കർണാടക ആന്റിബയോടിക്സ് & ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ധാതുലവണമിശ്രിതം വാങ്ങി 90 ഗുണഭോക്താക്കളുടെ പശുക്കൾക്ക് വിതരണം ചെയ്യുന്നതിന് വികസനഫണ്ടിൽ നിന്ന് 89760 രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽനമ്പർ-22050752007201169304/09.02.23).
എന്നാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ 52 ഗുണഭോക്താക്കൾ മാത്രം ഉൾപ്പെട്ടിരുന്നതിനാൽ ഭരണസമിതിയുടെ 20.12.22 ലെ 3/1-ാം നമ്പർ പ്രകാരം അധികം ഗുണഭോക്താക്കളേയും ഉൾപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പാക്കിയത്. അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതെ ഇപ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കളെ പദ്ധതി നിർവഹണത്തിനു ശേഷം നടന്ന ഗ്രാമസഭയിൽ ഉൾപ്പെടുത്തി സാധൂകരണം നൽകിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുമ്പോൾ തന്നെ മതിയായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനും പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കൾക്ക് മാത്രം ആനുകൂല്യം നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നിർവഹണത്തിനുശേഷം മോണിട്ടറിംഗ് നടത്തി പദ്ധതി ലക്ഷ്യപ്രാപ്തി വിലയിരുത്തേണ്ടതുമാണ്.

## 1-22 മുറ്റത്തൊരു മീൻതോട്ടം-ഗുണഭോക്താക്കളെ കണ്ടെത്താതെ പദ്ധതി ആവിഷ്കരിച്ചു

ഗ്രാമപഞ്ചായത്തിൽ ഫിഷറീസ് ഓഫീസർ മുഖേന മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മുറ്റത്തൊരു മീൻതോട്ടം എന്ന പദ്ധതി (168/23) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തി 2 പേർക്ക് 8000രൂപ വീതം ആകെ 16000 രൂപ വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|
| 1 | പ്രകാശ് എം.എസ്,<br>വലിയമാലിയിൽ,കല്ലുങ്കൽ | 8000 | 22050752010901353355/<br>09.03.23 |
| 2 | വിജയൻ ജി,കോവൂർ പൊടിയാടി | 8000 | ,, |

ടി പദ്ധതിക്ക്. ഗുണഭോക്താക്കളെ ഉൾപ്പെടുത്താതെ ഗുണഭോക്തൃസിസ്റ്റ് തയ്യാറാക്കിയതിനാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31.01.23ലെ 2/4-ാം നമ്പർ തീരുമാനപ്രകാരമാണ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കളെ പിന്നീട് നടന്ന ഗ്രാമസഭയിൽ ഉൾപ്പെടുത്തി സാധൂകരണം നൽകിയിട്ടില്ല. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താതെ പദ്ധതി ആവിഷ്കരിക്കുന്നതും നടപ്പാക്കുന്നതും പദ്ധതി ആസൂത്രണത്തിലെ അപാകതയാണ്. ഭാവിയിൽ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ തന്നെ അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പാക്കിയിട്ടില്ല

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണെന്നും 2022-23 വർഷം തന്നെ സ്മാർട്ട് ഗാർബേജ് ആപ്പ്(ഹരിതമിത്രം) പ്രവർത്തനക്ഷമമാക്കേണ്ടതാണെന്നും സ.ഉ.(കൈ.)നം.115/2022/തസ്വഭവ തീയതി:28.05.2022 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും നടപ്പിലായില്ല.

| പ്രോജക്ട് | അടങ്കൽ തുക |
|---|---|
| 147/23-സ്മാർട്ട് ഗാർബേജ് സിസ്റ്റം | 85479 |
| 112/23- സ്മാർട്ട് ഗാർബേജ് സിസ്റ്റം (സ്പിൽ ഓവർ) | 293612 |

പ്രോജക്ടുകൾ നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 ഹരിതകർമ്മസേന പ്രവർത്തനം - യൂസർ ഫീ പൂർണ്ണമായും ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ യൂസർഫീ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നിലവിൽ 2100 വീടുകളിൽ നിന്നും 140 കടകളിൽ നിന്നും മാത്രമാണ് യൂസർ ഫീ ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. ലൈസൻസ് ഫീസ് രജിസ്റ്റർ പ്രകാരം തൻ വർഷം 238 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. സഞ്ചയയിലെ രേഖപ്പെടുത്തലുകൾ പ്രകാരം പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ട 4861 കെട്ടിടങ്ങൾ നിലവിലുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളും വാണിജ്യ-വ്യവസായ-വ്യാപാര-ഓഫീസ് സ്ഥാപനങ്ങളും ഹരിതകർമ്മസേനാ മാലിന്യ പദ്ധതിയിൽ അംഗമാകണമെന്ന് ഉത്തരവ് നം. 1496/2020 ത.സ്വ.ഭ.വ തീയതി 12.08.20 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

100% വീടുകളും 100% വ്യാപാര/ഇതരസ്ഥാപനങ്ങളും യൂസർഫീ നൽകുണ്ടെന്നു ഉറപ്പുവരുത്തേണ്ടത് തദ്ദേശ സ്ഥാപനത്തിന്റെ ചുമതലയാണ്. കൂടാതെ 31.03.2023-ലെ സ.ഉ.(സാധാ) നം.789/2023 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഹരിതകർമ്മസേനയ്ക്ക് യൂസർ ഫീസ് നൽകാത്തവരിൽ നിന്നും യൂസർ ഫീസ് കുടിശ്ശിക വരുത്തുന്നവരിൽ നിന്നും ടി തുക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കാണ്ടേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങളിന്മേൽ തുടർനടപടി പൂർണ്ണമായില്ല

പഞ്ചായത്ത് കമ്മിറ്റിയുടെ ചുവടെ പറയുന്ന തീരുമാനങ്ങളിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയില്ല.

| പഞ്ചായത്ത് കമ്മിറ്റി തീരുമാനം | സ്വീകരിക്കേണ്ട തുടർനടപടിയുടെ വിവരം |
|---|---|
| 7.4.2022 ലെ 9(5) നമ്പർ തീരുമാനം<br>S0121/22 – ലിജോഭവൻ തെക്കേതിൽപ്പടി റോഡ് സൈഡ് കെട്ട് (വാർഡ് 5) – ഒരു വർഷത്തിൽ അധികരിച്ച കാലയളവ് നൽകിയിട്ടും പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിക്കുന്നതിനും കരാർ പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കുന്നതിനും തീരുമാനിച്ചു. | പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ എന്നതിന്റെ വിശദാംശം |
| 5.5.2022 ലെ 18(1) നമ്പർ തീരുമാനം<br>ഒന്നാംവാർഡിലെ വേങ്ങൽ തോട്ടിലെ മണ്ണ്, മണൽ എന്നിവ നീക്കം ചെയ്ത് ശ്രീമതി ചന്ദ്രികാബാബു, കണ്ണാറവീട്ടിൽ, പടിഞ്ഞാറേക്കര എന്നയാളുടെ വസ്തുവിൽ നിക്ഷേപിയ്ക്കുന്നതിന് തീരുമാനിച്ചു. | സ്വകാര്യവസ്തുവിൽ നിക്ഷേപിച്ച മണ്ണ്, മണൽ ലേലം ചെയ്ത് നൽകുന്നതിന് സ്വീകരിച്ച നടപടികൾ |

മേൽസൂചിപ്പിച്ച കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-26 ലൈഫ് പദ്ധതി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കളിൽ ചുവടെ ചേർത്തിരിക്കുന്നവർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | അവസാനത്തെ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | അഭിലാഷ് സതീശൻ, മണ്ണൂർ തെക്കേതിൽ, പെരുംതുരുത്തി | 200000 | 03.01.2023 |
| 2 | ശശികല, കണ്ടനാടിച്ചിറയിൽ വീട്, പെരിങ്ങര പ്.ഒ | 200000 | 06.05.2021 |
| 3 | മണി വി.സി, വാലുപറമ്പിൽ, കല്ലുങ്കൽ പി.ഒ | 200000 | 03.02.2020 |
| 4 | ഉഷ റ്റി.കെ, താനപ്പള്ളിൽ, കല്ലുങ്കൽ പി.ഒ. | 40000 | 07.03.2022 |
| 5 | പൊടിയമ്മ ഭാസ്കരൻ, മലയിത്ര,കല്ലുങ്കൽ | 300000 | 28.09.2021 |

ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം-4/15.11.2023) നൽകിയിരുന്നു.വി.ഇ.ഒ. സമർപ്പിച്ച മറുപടിയിൽ ക്രമ നം 1 മുതൽ 3 വരെയുള്ള ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഭവനനിർമ്മാണം ഉടൻ പുനരാരംഭിക്കുമെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. ക്രമ നം 4 ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം തുടങ്ങിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം 5 ഗുണഭോക്താവ് വീട്ടുപണി പൂർത്തീകരിച്ച് വീട്ട് നമ്പരിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്നമുറയ്ക്ക് അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ആദ്യഗഡു കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം തുടങ്ങാതിരുന്ന ക്രമ നം 4 ഗുണഭോക്താവിൽ നിന്നും തുക പലിശസഹിതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 തുക ഒടുക്കി - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

1. ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവഹണോദ്യോഗസ്ഥനായി വിവിധ പദ്ധതികളിലുൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിന് മുൻകൂർ തുക കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | നൽകിയ തുക | ലഭിച്ച മരുന്നുകൾ | അവശേഷിക്കുന്ന തുക | ബിൽനമ്പർ/ തീയതി |
|---|---|---|---|---|
| 36/23,പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങൽ | 179069 | | 72222 | 2205075200710115O437/07.02.23 |
| 186/23,അതിദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി- മരുന്നു വാങ്ങൽ | 25761 | | 14881 | 2050752007101150294/25.01.23 |
| | | | | |
| സാന്ത്വന പരിചരണപദ്ധതി | 335021 | | 138279 | 2050752007101325806/09.01323 |
| ആകെ | | | | |

2. ഹോമിയോ മെഡിക്കൽ ഓഫീസർ മുഖേന മരുന്ന് വാങ്ങുന്നതിന് ഹോംകോക്ക് മുൻകൂറായി 150000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | നൽകിയ തുക | ലഭിച്ച മരുന്നുകൾ | അവശേഷിക്കുന്ന തുക | ബിൽനമ്പർ/ തീയതി |
|---|---|---|---|---|
| /23, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 150000 | 87297 | 62703 | 22050752007000903486115O437/ 13.12.22 |

അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 തെരുവ് വിളക്ക് ലൈൻ നീട്ടൽ-പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി കേരള ഇലക്ട്രിസിറ്റി ബോർഡിൽ മുൻകൂർ തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | മുൻകൂർ ൽകിയ തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| 7/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 555532 | 0 | 555532 |
| 157/23,പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 82703 | 0 | 82703 |

ടി പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-29 ആശുപത്രി മാനേജിംഗ് കമ്മറ്റി വാർഷിക കണക്കുകൾ യഥാസമയം സമർപ്പിക്കുന്നില്ല

ഗ്രാമപഞ്ചായത്തിനു കൈമാറിക്കിട്ടിയ പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ ശരിയായ പരിപാലനം, ആസൂത്രിത വികസനം, പ്രസ്തുത സ്ഥാപനം മുഖേന മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നീ കാര്യങ്ങൾ നോക്കി നടത്തുന്നതിലേക്കായി, ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കവിയാത്ത ഒരു മാനേജിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതാണെന്ന് 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മറ്റി ചട്ടങ്ങൾ) ലെ ചട്ടം3 ൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, ചട്ടം 9(1) പ്രകാരം, ആശുപത്രി മാനേജിംഗ് കമ്മിറ്റി യുടെ വികസന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയും ആയുർവ്വേദ ഡിസ്പെൻസറിയും നാളിതു വരെ എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഗവ. ഹോമിയോ ഡിസ്പെൻസറി പ്രവർത്തനം ആരംഭിച്ചിത് 1975-ൽ ആണ്. 30.06.2013 വരെ എച്ച്.എം.സി ഉണ്ടായിരുന്നുവെങ്കിലും പിന്നീട് ഇത് നിലച്ചു. പിന്നീട് 07.12.2021-ൽ ആശുപത്രി മാനേജിംഗ് കമ്മറ്റി പുനഃ സംഘടിപ്പിച്ച് പ്രവർത്തനം ആരംഭിച്ചു. എന്നാൽ 01.01.2022 മുതലാണ് 18 വയസിനു മുകളിലുള്ളവരിൽ നിന്നും 5 രൂപ നിരക്കിൽ ഒ.പി. ടിക്കറ്റിന് ചാർജ്ജ് ഈടാക്കുവാൻ തുടങ്ങിയത് എന്ന് വിശദീകരണം ലഭിച്ചു. ഗവ. ആയുർവ്വേദ ഡിസ്പെൻസറി ജൂൺ 2010-ൽ ആണ് പ്രവർത്തനം ആരംഭിച്ചത്. 06.08.2010-ൽ എച്ച്.എം.സി. ആരംഭിച്ചുവെങ്കിലും 05.01.2012-ഓടെ പ്രവർത്തനം നിലച്ചു. 07.12.2021-ൽ ആശുപത്രി മാനേജിംഗ് കമ്മറ്റി പുനഃസംഘടിപ്പിച്ചു. നാളിതുവരെ എച്ച്.എം.സി.-യുടെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ 2019-20 വരെയുള്ള എച്ച്.എം.സി കണക്കുകൾ മാത്രമാണ് ഓഡിറ്റിന് വിധേയമാക്കിയത്.

പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി, ചട്ടങ്ങൾക്കനുസൃതമായ പ്രവർത്തനങ്ങൾ തുടർ വർഷങ്ങളിൽ നടത്തേണ്ടതും എച്ച്.എം.സി ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലേക്ക് ഓരോ സാമ്പത്തിക വർഷവും ഓഡിറ്റിനായി സമർപ്പിക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 50000 | അനുപൂരകപോഷകാഹാരം | 50000 | 0 |
| | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | 92256 | 64ാം നം.അംഗൻവാടി നിർമ്മാണം | 92256 | 0 |
| | 90000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 90000 | 0 |
| | 293608 | ലൈഫ് മിഷൻ (എസ്.സി) | 293608 | 0 |
| | 80000 | 124-exനമ്പർ അംഗൻവാടി സ്മാർട്ട് ആക്കൽ | 80000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ആശ്രയ | 100000 | 0 |
| | 160000 | PMAY | 160000 | 0 |
| | 125000 | അനുപൂരകപോഷകാഹാരം | 125000 | 0 |
| | 165500 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 165500 | 0 |
| | 700000 | സാന്ത്വനം പരിചരണ പദ്ധതി | 700000 | 0 |
| | 400000 | സമഗ്രനെൽക്കൃഷി വികസനം | 400000 | 0 |
| | 51785 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 51785 | 0 |
| | 1480000 | ലൈഫ് മിഷൻ ഭവനനിർമ്മാണം(ജനറൽ) | 1480000 | 0 |
| | 160000 | ലൈഫ് മിഷൻ ഭവനനിർമ്മാണം(എസ്.സി) | 160000 | 0 |
| | 50000 | ദാരിദ്ര നിർമാർജ്ജനം- വീട് മെയിന്റനൻസ് | 50000 | 0 |
| | 188679 | സോക്പിറ്റ് നിർമ്മാണം | 188679 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾ

| പ്രോജക്ട് നമ്പർ | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 7/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 555532 | 0 | 555532 |
| 157/23,പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 82703 | 0 | 82703 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന നിർമ്മാണം (KURDFC) | 7582001 | 0 | 1041661 | | 6540340 |

## 4-5 സ്ഥിരനിക്ഷേപം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | നിക്ഷേപിച്ച തുക |
|---|---|---|---|---|
| 1 | Service.Co-operative Bank, Nedumpram | 28.02.23 | 6 Months | 150644 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2004-2005 | 1.1(1)(1) | മരാമത്ത് പണികൾ | പരാമർശം നിലനിൽക്കുന്നു |
| 2004-2005 | 1.11 | നികുതികളും വിഹിതങ്ങളും അടയ്ക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2004-2005 | 2.2 | നിക്ഷേപ പദ്ധതികൾ പൂർത്തിയായില്ല | പരാമർശം നിലനിൽക്കുന്നു |
| 2004-2005 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി | പരാമർശം നിലനിൽക്കുന്നു |
| 2004-2005 | 2.4 | കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2007-2008 | 3.13 | പൊതു പരാമർശം | പരാമർശം നിലനിൽക്കുന്നു |
| 2011-2012 | 2.3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.1 | തൊഴിൽനികുതി | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.2 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2.5 | സ്ഥാപന തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം )

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,82,65,936 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,08,89,623 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 13000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ നിരാകരിച്ച തുക

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക യുടെ വിവരം

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക (രൂപ) | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| 1-20 | 13000 | ശ്രീമതി ബിൻസി ആർ,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ഉദ്യോഗസ്ഥയുടെ പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിൻസി ആർ,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ബിൻസി ആർ,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1<br>പട്ടാമ്പി ബ്ലോക്ക് ഓഫീസ്,<br>പട്ടാമ്പി, പാലക്കാട് | ബിൻസി ആർ,<br>നിറവ്, കുത്താളി പി.ഒ,<br>തിരുവനന്തപുരം<br>695505 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം., തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി3-514/00 തീയതി:11.12.00 | 8<br>(2-30, 3-38, 3-44, 3-45, 3-47, 3-49, 3-50, 3-51) |
| 1998-99 | എൽ.എഫ്.പി.റ്റി.എ/പി3-38/02 തീയതി:13.05.02 | 5<br>(41, 42, 48,49,50) |
| 2013-14 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/-530/15 | 1<br>(3-8) |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/732/2016<br>തീയതി 16.07.2016 | 2<br>(2-1 , 2-2) |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/1449/16 തീയതി<br>10.01.2017 | 1<br>(3-9) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി4/905/17<br>തീയതി 16.08.17 | 10<br>(3-1 ,3-9(1,2), 3-10, 3-11, 3-12(1,2), 3-13, 3-14, 3-15, 3-16, 3-17) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി4/128/19<br>തീയതി 02/03/19 | 9<br>(3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി4/161/20<br>തീയതി 16/03/20 | 16<br>(1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-19, 1-20, 1-21, 3-1, 3-2, 3-3 ,4-10, 4-11) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി4/230/22<br>തീയതി 09/03/22 | 8<br>(1-11 , 1-15, 1-20, 1-21, 1-23, 4-2, 4-7, 4-10) |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി4/230/22<br>തീയതി 15/07/22 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി4- 1322/2022<br>തീയതി 23/01/23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം ,പത്തനംതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 19-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the NEDUMPRAM Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, due to the material and pervasive insufficiencies in obtaining audit evidence, attributable to the faulty maintenance of accounting records, as pointed out in the appended report, it is not possible to express an opinion whether the annual financial statements give a true and fair view of the Receipts and Payments, Income and Expenditure (Deficit or Surplus) and the position of Assets and Liabilities NEDUMPRAM Grama Panchayat for the year 2022-2023

Date: 29/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of NEDUMPRAM Grama Panchayat for the Year 2022-2023 .

**1.Major Observations**

1.Non disclosure of assets- Asset register is not updated and hence the valueof asset shown AFS is not accurate.

2.Non disclosure of closing balance of Rs 1317086 in SBI Account number -67250201341

**2.Other Observations**

1.The following Mandatory statements prescribed in accounting rules are not submitted for Audit. Eg- Ratios,notes on account

2. Cash Flow Statement-Net increase in cash flow doesnot match with the difference between the opening balance and closing balance of cash and cash equivalent

3. lapses in making timely and accurate demand entries in respect of tax and non tax revenue

4. .Demand Registers of property tax,rent,licence fee etc do not match with AFS

5.Advance Register is not updated and hence doesnot match with AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്